WEDNESDAY

29/04/2026

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/04/2026

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള റഫ്ത്താർ അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ (RABI) വഴി കാർഷിക സംരംഭകത്വ വികസനത്തിന് പിന്തുണ നൽകുന്ന വിവിധ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. KAU RAISE 2026 (Realising and Augmenting Innovations for Start-up Enterprises) എന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമും, "KAU PACE 2026" (Promotion of Agriculture through Commercialization and Entrepreneurship) എന്ന സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാമുമാണ് നടപ്പിലാക്കുന്നത്. കാർഷിക മേഖലയിലെ പുതുമയാർന്ന ആശയങ്ങളുള്ള യുവാക്കൾക്കും വിദ്യാർത്ഥികൾക്കും അവരുടെ ആശയങ്ങളെ പ്രോട്ടോടൈപ്പുകളാക്കി വികസിപ്പിക്കാനും സംരംഭങ്ങളാക്കി മാറ്റാനും ഈ പദ്ധതികൾ വഴി അവസരം ലഭിക്കും. RAISE 2026 പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആശയങ്ങളെ പ്രോട്ടോടൈപ്പുകളാക്കി വികസിപ്പിക്കുന്നതിനായി ₹5 ലക്ഷം വരെ ഗ്രാന്റും, വിദ്യാർത്ഥികൾക്ക് ₹4 ലക്ഷം വരെ ധനസഹായവും ലഭിക്കും; വിള സംരക്ഷണം, ഭക്ഷ്യ സംസ്

കരണ മേഖല, കാർഷിക വിതരണ ശൃംഖല വികസനം, കൃത്യതാ കൃഷി (Precision Farming), ജൈവ കൃഷി, കാർഷിക യന്ത്രവൽക്കരണം, കാർഷിക മേഖലയിലെ കൃത്രിമ ബുദ്ധിയുടെ പ്രയോഗങ്ങൾ, നൈസർഗിക വിഭവ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന വിവിധ കാർഷിക അനുബന്ധ മേഖലകളിലെ പുതുമയാർന്ന ആശയങ്ങൾക്ക് പദ്ധതിയിൽ മുൻഗണന നൽകും. "PACE 2026" പദ്ധതിയിൽ ഇതിനകം പ്രോട്ടോടൈപ്പ് ഘട്ടത്തിൽ എത്തിയ സ്റ്റാർട്ടപ്പുകൾക്ക് വിപണിയിലേക്ക് എത്തുന്നതിനും വ്യാപാരവത്കരണത്തിനുമായി ₹25 ലക്ഷം വരെ ധനസഹായം ലഭ്യമാക്കുന്നു. അപേക്ഷകൾ 2026 മേയ് 16-ന് വൈകുന്നേരം 4 മണി വരെ ഓൺലൈൻ ഫോമുകൾ വഴിയോ അല്ലെങ്കിൽ ഇമെയിൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ rabi@kau.in എന്ന ഇമെയിലിലേക്കോ ബന്ധപ്പെടാവുന്നതാണ്; ഫോൺ: 9778436265, 0487-2438332.

2. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികളായ മുളക്, വെണ്ട. വഴുതന പാവയ്ക്ക. കുമ്പളം, പടവലം. പയർ. ചീര മത്തൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയുടെ വിത്തുകളും ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, അയർ, പച്ചക്കറിയിലും നെല്ലിലും ഉപയോഗിക്കുന്ന സമ്പൂർണ്ണ. ട്രൈക്കോഡർമ സമ്പുഷ്ടികരിച്ച ചാണക വളം. ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ഠം. സമ്പുഷ്ടീകരിച്ച ചകിരിച്ചോറ് കമ്പോസ്റ്റ്, വെർമിക്കമ്പോസ്റ്റ്, പച്ചക്കറി തൈകൾ ആയ ക്യാബേജ് കോളിഫ്ലവർ ബ്രോക്കോളി, മുളക്, വഴുതന, തക്കാളി എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബിവി 380 ഇനം കോഴിക്കുഞ്ഞുങ്ങൾക്ക് 175/- രൂപ നിരക്കിൽ അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചു. 9400483754 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടി

4. റബ്ബർനടീലിനുള്ള മുന്നൊരുക്കങ്ങളായ കോണ്ടൂർ ലൈനിങ്, കുഴിയെടുപ്പ്, നിരപ്പുതട്ടുകളുടെ നിർമാണം എന്നിവയെക്കുറിച്ചും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൈനടീലിനെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2026 ഏപ്രിൽ 29 ബുധനാഴ്ച) രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ചന്ദ്രലേഖ കെ. ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

5. വെള്ളായണി കാർഷിക കോളേജിലെ വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗവും കെ-അഗ്ടെക് ലോഞ്ച്പാഡും ചേർന്ന് "നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ" എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ബാലരാമപുരത്തെ തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ ഏപ്രിൽ 29-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ പരിശീലനം നടക്കും.നാളികേരത്തിൽ നിന്ന് വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിൽ പ്രായോഗിക പരിശീലനവും വിദഗ്ധരുടെ ക്ലാസുകളും ചോദ്യോത്തര സെഷനും പരിപാടിയുടെ പ്രധാന ആകർഷണങ്ങളാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമാണ് പ്രവേശനം. താൽപര്യമുള്ളവർ 500 രൂപ രജിസ്ട്രേഷൻ ഫീസ്

അടച്ച് പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ 9995624888 / 8075566973 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**കാർഷിക മൃഗസംരക്ഷണ നിർദേശം**

6. തെങ്ങ് – വെള്ളീച്ച ആക്രമണം – താഴത്തെ നിരയിലുള്ള ഓലകളുടെ മുകൾഭാഗത്ത് കൂട്ടം കൂട്ടമായി കാണുന്നു. ഈച്ചകളുടെ സ്രവത്തിൽ കറുത്ത വളരുന്ന ഹരിതകം മറയ്ക്കപ്പെടുന്നതിനാൽ ചെടികൾക്ക് ക്രമേണ ക്ഷീണം ബാധിക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സംതുലിത വളപ്രയോഗം അവലംബിക്കുക. അയർ– സൂക്ഷ്മ മൂലക മിശ്രിതം 500 ഗ്രാം വീതം തെങ്ങുകൾക്ക് തടത്തിൽ ചേർത്തു കൊടുക്കുക.

**കന്നു–കാലികൾ – കറവ പശു – കൗപോക്സ്–** ഇത് ഉഷ്ണകാലത്ത് പശുക്കളുടെ അകിടിനെ ബാധിക്കുന്ന ഒരു തരം വൈറസ് രോഗമാണ് കൗപോക്സ്. തുടക്കത്തിൽ പരുക്കൾ രൂപപ്പെടുകയും പിന്നീട് അവ പൊട്ടി മുറിവുകളായി മാറുകയും ചെയ്യും. വേദന കാരണം പശുക്കൾ കറവയോടു സഹകരിക്കാതിരിക്കും. ബോറിക് ആസിഡ് പൊടി ഗ്ലൈസെറിനിലോ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



വെളിച്ചെണ്ണയിലോ ചാലിച്ച് മുറിവുകളിൽ പുരട്ടുക. തൊഴുത്തിലും പരിസരത്തിലും കന്നുകാലികൾക്ക് സംമ്പൂർണ ശുചിതവം ഉറപ്പാക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം